# അമേരിക്കൻ കഥകൾ

## മിനികഥകൾ പതിനേഴ്

ജോയിക്കുട്ടി,ഡിട്രോയിറ്റ്

അന്നച്ചി, ഇന്ന് വളരെ വിചിത്രമായ കഥയാണ് പറയാൻ പോകുന്നത്. കൂടെ ജോലി ചെയ്യുന്നതും, വളരെ കാലം കൂടെ താമസിച്ചിരുന്നതുമായ റോസമ്മയുടെ കഥയാണിത്.

കൊച്ചു വക്കി, അഥവാ കള്ളു വക്കി എന്നു പറഞ്ഞാൽ കേരളത്തിലെ ആ ഗ്രാമത്തിലുള്ള എല്ലാവരും അറിയും. നേരം വെളുക്കുമ്പോൾ മുതൽ രാത്രി ഒരു സമയം വെരെ കള്ളും, ചാരായവും കുടിച്ച് റോഡ് നീളെ പാട്ടുംപാടി നടക്കുന്ന അയാളെ അറിയാത്തവരായി ആ ഗ്രാമത്തിൽ ആരുമില്ല. ചാച്ചിയമ്മയ്ക്ക് അയാളുടെ പേരിൽ എന്നറിയപ്പെടുന്നത് മക്കൾ പത്ത് പെണ്ണാണ്. എല്ലാം അയാളുടേതാണോയെന്ന് ചാച്ചിയമ്മക്കു പോലും അറിയില്ല. വീട്ടിലെ ചിലവുകൾ നടക്കണമെങ്കിൽ തറവാട്ടു വക ഒന്നുമില്ല. ചന്തതെരുവിൽ ആ നിൽക്കുന്ന വീടു മാത്രമാണ് ഉള്ളത്. ചന്തയുള്ള ദിവസം വക്കി എല്ലായിടത്തു നിന്നും കയ്യിട്ടു വാരി വീട്ടിൽ കൊണ്ടു കൊടുക്കുന്നത് ദുരിശിച്ച് എല്ലാ ദിവസവും എല്ലാവരും കഴിച്ചു കൂട്ടും. ചന്ത ദിവസം, സത്യത്തിൽ വക്കി കള്ളു കുടിക്കത്തില്ല. കള്ളു വാങ്ങി മുഖം മുഴുവൻ പുരട്ടി കള്ളു കുടിയനെപ്പോലെ അഭിനയിച്ച് കഴിയും. അന്ന് കള്ളു കുടിച്ചാൽ കാര്യങ്ങൾ നടക്കത്തില്ലെന്ന് അയാൾക്കറിയാം. ചാച്ചിയമ്മ കണ്ടാൽ സുന്ദരി. പിന്നെ ചന്തതെരുവിൽ താമസിക്കുന്നവക്ക് ജീവിക്കാൻ പ്രയാസം ഇല്ല.

ചാച്ചിയമ്മയുടെ സഹാദരങ്ങളും എട്ടു പെണ്ണുങ്ങളാണ്. അന്നേ വക്കി പറഞ്ഞതാണ് നീ പെറുന്നതു മുഴുവൻ പെണ്ണായിരിക്കുമെന്ന്. കാളചന്തയിൽ നിന്ന് പശുവിനെ വാങ്ങി കൊണ്ടു പോകുന്നതു പോലെ സാക്ഷാൽക്കരിക്കാത്ത സ്വപ്നവുമായി അടുത്തത് ആണാണെന്നു പറഞ്ഞ് പത്തായപ്പോൾ ചാച്ചിയമ്മ പറഞ്ഞു: ‘‘എനിക്കിനി പെറാൻ വയ്യ. പന്ത്രണ്ടു വയറു കഴിയണമെങ്കിൽ ചാച്ചിയമ്മയുടെ സൗന്ദര്യം മായാതെ നിൽക്കണം.

മൂത്തവൾ റോസമ്മ ഹൈസ്കൂൾ പാസായ് കഴിഞ്ഞപ്പോൾ, ഇന്ത്യയുടെ തലസ്ഥാനത്തു നിന്ന് അവധിക്കു വന്ന അയൽ പക്കത്തെ കുടുംബത്തിലെ മോന്റേം കുടുംബത്തിന്റേം കൂടെ അവൾ പോയ്. പ്രസവത്തിനു വന്ന അവക്ക് താങ്ങും തണലുമായി ആൾ. അവൻ, റോസമ്മയെ ചെറുപ്പത്തിലെ കണ്ണു വെച്ചതായിരുന്നു. അവളുടെ ജീവിതത്തിന്റെ വഴിതിരിവായിരുന്നു തുടന്നങ്ങോട്ട്. എത്ര പുരുഷന്മാരുടെ കൂടെ കിടന്നു എന്നവൾക്കു തന്നെ അറിയില്ല. ‘‘വേലി ചാടി പശുവിന്റെ കിടാവ് മതിലു ചാടി’’ എന്നത് അക്ഷരാർത്ഥത്തിൽ ശരിയായി. എന്തായാലും അവൾ അമേരിക്കയിൽ എത്തി; ബാക്കി ഒന്പതു പേരും പുറകേ പുറകേ. എല്ലാവരും നേഴ്സല്ല. ചിലക്ക് നേഴ്സെന്നു കേൾക്കുന്നതു തന്നെ അഭിമാനക്ഷതമായിരുന്നു.

ഒരിക്കൽ വക്കി പറഞ്ഞത്: ഇത് പണ്ട് യിസ്രായേൽ ജനം പെറ്റു പെരുകി, ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും, കടൽക്കരയിലെ മണലുപോലെയുമായി, ഈ മൂടു കീറിയ പത്തെണ്ണം ഇതുപോലെ വദ്ധിച്ചാൽ അബ്രഹാം പിതാവിനേ പോലെ കുറഞ്ഞത് നൂറു കൊച്ചുമക്കളുടെ വല്ല്യപ്പച്ചനായി ജീവിക്കാമെന്നാണ്. എന്തായാലും നെഹൃവിന്റെ കുടുംബം പോലെ നാനാജാതിമതത്തിലുള്ള മരുമക്കളെ കൊണ്ട് അയാൾ ധന്യനായി. എന്തായാലും റോസമ്മ അമേരിക്കയിൽ വന്നശേഷം മടങ്ങി നാട്ടിൽ ചെന്ന് നല്ല ഒരു മെയിൽ നേഴ്സിനെ തന്നെയാണ് കെട്ടിയത്. അവൻ മിടുക്കനായിരുന്നു; പഠിച്ചു പഠിച്ചു അയാൾ ഒടുവിൽ നേഴ്സ് പ്രാഷ്ടീഷനറായി, കൈ നിറച്ച് വാരികൂട്ടി. റോസമ്മയും വളരെ കഠിനാദ്ധ്വാനി ആയിരുന്നു; രാപകലില്ലാതെ ജോലിചെയ്ത് കേരളത്തിൽ അവൾ താമസിക്കുന്ന ഗ്രാമത്തിൽ തന്നെ വളരെ മെച്ചമായ സ്ഥലത്ത് വലിയ ഒരു ബംഗ്ലാവ് പണിത്, വാദ്ധ്യക്യ കാലത്ത് അപ്പനേയും അമ്മയേയും അവിടെതാമസിപ്പിച്ചു. നിബന്ധമായും പറഞ്ഞു: അപ്പൻ ഇനിയും ഷാപ്പിൽ പോയി കള്ളു കുടിക്കരുത്. വീട്ടിൽ നല്ല വിദേശ മദ്യം വാങ്ങി വെച്ച് കഴിച്ചു കൊള്ളണം. വഴി നീളേ പാട്ടു പാടി നടക്കരുത്. എന്നാലും അയാൾക്ക് പഴയതു പോലെ റോഡു നീളേ ‘‘എന്റെ ദൈവം ആദ്രവാനായി ജീവിക്കുമ്പോൾ, സാധു ഞാൻ എന്തിനു ക്ലേശിക്കണം എന്ന് പാട്ടു പാടി നടക്കണമെന്നാശിക്കും. മകളെ ഞാൻ വിവരം അറിയിച്ച് ഉള്ള കഞ്ഞിയിൽ പാറ്റാ വീഴ്ത്തും എന്ന ചാച്ചിയമ്മയുടെ ഭീഷണിയിൽ അയാൾ ഒതുങ്ങും. എന്നാലും നാലു പേരേ അറിയക്കണമെന്നുണ്ട്: വക്കി ഇപ്പോൾ വിദേശ മദ്യം ആണ് കഴിക്കുന്നതെന്ന കാര്യം.

അവസാനം അപ്പനേയും അമ്മയേയും അമേരിക്കയിൽ എത്തിച്ചു. അന്നച്ചിക്ക് അവരെ നാട്ടിൽ വെച്ച് നല്ലവണ്ണം അറിയാം. അന്നച്ചി ഒരു ദിവസം അവരെ കാണാൻ റോസമ്മയുടെ വീട്ടിൽ ചെന്നപ്പോൾ കണ്ടത്: കോട്ടും സൂട്ടും ടൈയ്യും തൊപ്പിയും കൂളിംഗ്ഗ്ലാസും വെച്ചു വരുന്ന വക്കിയേയാണ്. അന്നച്ചി അന്തം വിട്ട് നോക്കി നിന്നു പോയി. ഇത് നമ്മുടെ പഴയ കള്ളുവക്കി, അല്ല ചന്ത വക്കി, അല്ല കൊച്ചു വക്കി തന്നെ ആണോ? നല്ല ഗമയിലാണ് അയാളുടെ വരവ്. ചാച്ചിയമ്മ നല്ല വിലകൂടിയ സിൽക്കു സാരി ഉടത്ത്, തലമുടി കറപ്പിച്ച്, കണ്ടാൽ റോസമ്മയുടെ ഇളയ മകളാണെന്ന് തോന്നും. വക്കിക്ക് പണ്ടേയുള്ള ആഗ്രഹമാണ് ഇങ്ങിനെ വേഷം കെട്ടി നടക്കണമെന്ന്.

അവർ അവിടെ വന്ന് കാട്ടികൂട്ടിയ വികൃതികൾ റോസമ്മ പറഞ്ഞു പറഞ്ഞ് അന്നച്ചി ചിരിച്ച് വശക്കേടായി. ഒരാഴ്ചയോളം അവൾ അവധി എടുത്ത് അവരുടെ കൂടെ അവിടെ കഴിച്ചു. ചാച്ചിയമ്മയ്ക്ക് വേണ്ട ട്രയിനിംഗ് ശരിക്കും കൊടുത്തിട്ടായിരുന്നു ജോലിക്കു പോയത്. അവർ ഭാര്യാഭത്താക്കന്മാർ രണ്ടു പേരും പോയ്ക്കഴിഞ്ഞപ്പോൾ ഇവർ കിളവനും കിളവിയും തനിച്ചായി. അതിരാവിലെ അവൾ ജോലിക്കു പോയപ്പോൾ അവക്ക് കഴിക്കാനായി ചായ തയ്യാറാക്കി ഫ്ലാസ്ക്കിൽ വെച്ചിട്ടായിരുന്നു പോയത്. എന്നാൽ വക്കിക്ക് അതിന്റെ രുചി ഇഷ്ടപ്പെട്ടില്ല. ചായ ഉണ്ടാക്കാൻ ചാച്ചിയമ്മയുടെ ഭാഷയിലെ അലമാര എന്ന ഫ്രിഡ്ജ് മുഴുവൻ തേയിലയും പഞ്ചസാരയും നോക്കിയിട്ട് കാണതെ അവസാനം കണ്ടു പിടിച്ച് അടുപ്പേൽ വെച്ച് ഓരോന്നോരോന്നായ് അടുപ്പുകൾ തിരിച്ചു നോക്കിയിട്ടും കത്താതെ വന്നപ്പോൾ ആ അലൂമിനിയം പാത്രം മൈക്രോഓവനകത്തു വെച്ച് എല്ലാം കുളമാക്കി; വീടു നിറച്ച് വല്ലാത്ത നാറ്റം; അവസാനം അവളെ ജോലിയിൽ നിന്ന് വരുത്തി വീടു നിറച്ച് ഗ്യാസായത് (നാല് അടുപ്പും ഏറ്റവും കുറഞ്ഞിരുന്നതിൽ നിന്നുമുണ്ടായ ഗ്യാസ്) എല്ലാം വൃത്തിയാക്കി. ചാച്ചിയമ്മ തലമുടി ചീകി കക്കൂസിലും കൈകഴുകുന്നിടത്തിട്ട്, അവിടമെല്ലാം ബ്ലോക്കാക്കി. അങ്ങിനെ നീണ്ടു പോകും.

അവിവാഹിതയായായ ഒരു പെണ്ണ്, സ്വന്തക്കാരും സഹോദരങ്ങളുമില്ലാതെ, പര സഹായത്തോടെ നേഴ്സിംഗ് ചേന്ന് പഠിച്ച് അമേരിക്ക വെരെ ഏത്തിച്ചേരണമെങ്കിൽ തീച്ചയായും ആഷഭാരതത്തിന്റെ അഭിമാനമായ് പറയുന്ന ചാരിത്ര്യം തുടങ്ങി പലതും നഷ്ടപ്പെടുംമെന്ന് റോസമ്മയേക്കാൾ കൂടുതലായി അന്നച്ചിക്കറിയാം. റോയി, അവളുടെ ഭത്താവ്, പുരാവൃത്തം ഒന്നുമന്വേഷിക്കാതെ തിരക്കിൽ ദൈവത്തെ വിളിച്ച് കഴിയുന്നു. അവക്ക് രണ്ടാൺമക്കൾ ഉള്ളത് മിടുക്കരായി പഠിക്കുന്നു കഷ്ടപ്പെട്ട് കൊണ്ടുവന്ന സഹോദരങ്ങൾ കുറ്റങ്ങൾ പറഞ്ഞ് പല വഴിയ്ക്കായി. നേഴ്സിംഗ് പഠിക്കാതെ വലിയ പഠനം കഴിഞ്ഞവർ CNA കൾ ആയി ജോലി ചെയ്ത് കഷ്ടപ്പെട്ട് കഴിയുന്നു.